# അരുണാചൽ പ്രദേശുമായി ബന്ധപ്പെട്ട് ചൈനീസ് പ്രതിരോധ മന്ത്രാലയ വക്താവ് നടത്തിയ അഭിപ്രായപ്രകടനം സംബന്ധിച്ച മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങൾക്കുള്ള ഔദ്യോഗിക വക്താവിന്റെ പ്രതികരണം

മാർച്ച് 19, 2024

**അരുണാചൽ പ്രദേശുമായി ബന്ധപ്പെട്ട് ചൈനീസ് പ്രതിരോധ മന്ത്രാലയ വക്താവ് നടത്തിയ അഭിപ്രായപ്രകടനം സംബന്ധിച്ച മാധ്യമപ്രവർത്തകരുടെ ചോദ്യങ്ങളോട് ഔദ്യോഗിക വക്താവ് ശ്രീ. രൺധീർ ജെയ്‌സ്വാളിന്റെ പ്രതികരണം:**

"ഇന്ത്യൻ സംസ്ഥാനമായ അരുണാചൽ പ്രദേശിൽ യുക്തിരഹിതമായ അവകാശവാദം നടത്തിക്കൊണ്ടുള്ള ചൈനീസ് പ്രതിരോധ മന്ത്രാലയ വക്താവിന്റെ അഭിപ്രായപ്രകടനം ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് അടിസ്ഥാനരഹിതമായ വാദങ്ങൾ ആവർത്തിക്കുന്നത്, അത്തരം അവകാശവാദങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള സാധുത നൽകുന്നില്ല. അരുണാചൽ പ്രദേശ് എക്കാലവും ഇന്ത്യയുടെ അവിഭാജ്യ ഭാഗമാണ്, അങ്ങനെ തന്നെ തുടരുകയും ചെയ്യും. വികസന പദ്ധതികളിലും അടിസ്ഥാനസൗകര്യ പദ്ധതികളിലും നിന്നുമുള്ള പ്രയോജനം ജനങ്ങൾക്ക് തുടർന്നും ലഭ്യമാകും.."

**ന്യൂഡൽഹി**
**മാർച്ച് 19, 2024**